Page No.
Date.

# സ്കൂൾ തല മാസ്റ്റർ പ്ലാൻ

## എം.റ്റി.എൽ.പി.എസ് കോഴഞ്ചേരി

Scanned with OKEN Scanner

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്.

പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. ഇതു വഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യഭ്യാസം ലക്ഷ്യമാകും. പൊതു സമൂഹത്തിന്റെ പിന്തുണ നല്ല രീതിയിൽ വിദ്യാലയത്തിന് പ്രയോജനം ചെയ്യുന്നു. മികവിന്റെ കേന്ദ്രമാക്കി കോഴഞ്ചേരി എം. റ്റി. എൽ. പി സ്കൂളിനെ മാറ്റുന്നതിൽ കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

ഹെഡ്മിസ്ട്രസ്സ്
വിജി മത്തായി.

RAMSONS

Scanned with OKEN Scanner

DATE PAGE 2

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് : എം.റ്റി.എൽ.പി. സ്കൂൾ കോഴഞ്ചേരി

മേൽവിലാസം : എം.റ്റി. എൽ. പി. എസ് കോഴഞ്ചേരി, കോഴഞ്ചേരി

ഫോൺ : 9446421474

സ്കൂൾ കോഡ് : 38420

വിദ്യാഭ്യാസ ഉപജില്ല : കോഴഞ്ചേരി

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

ബി. ആർ. സി : കോഴഞ്ചേരി

സി. ആർ. സി : കോഴഞ്ചേരി

ഗ്രാമ പഞ്ചായത്ത് : കോഴഞ്ചേരി

ബ്ലോക്ക് പഞ്ചായത്ത് : ഇലന്തൂർ

ജില്ലാ പഞ്ചായത്ത് : പത്തനംതിട്ട

ഇ. മെയിൽ വിലാസം : mtlps kzhy@gmail.com.

ഫേസ്ബുക്ക് : Mtlps kozhencherry.

സ്കൂൾ വിക്കി : 38420

RAMSONS

Scanned with OKEN Scanner

## എം. റ്റി. എൽ. പി. സ്കൂൾ, കോഴഞ്ചേരി

പത്തനംതിട്ട ജില്ലയിലെ

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ കോഴഞ്ചേരി ഉപജില്ലയിലെ, കോഴഞ്ചേരി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ്, എം. റ്റി. എൽ. പി സ്കൂൾ കോഴഞ്ചേരി. ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. (128 വർഷം) കോഴഞ്ചേരി പഞ്ചായത്തിൽ 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു പത്തനംതിട്ട ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി നല്ല നിലവാരം പുലർത്തുന്നതിന് സാധിക്കുന്നുണ്ട്.

മാനേജ്മെന്റ് → എം. റ്റി & ഇ. എ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഒരു സ്കൂൾ ആണിത്. ശ്രീ. മാത്യു കുരുവിള മാനേജർ ആയും റവ. എബ്രഹാം തോമസ് സ്കൂൾ ലോക്കൽ മാനേജർ ആയും ശ്രീമതി വിജി മത്തായി സ്കൂൾ ഹെഡ്മിസ്ട്രസ്സ് ആയും പ്രവർത്തിക്കുന്നു.

L.KG & UKG ക്ലാസ്സുകളിൽ 22 കുട്ടികളും 1-4 ക്ലാസ്സുകളിൽ 47 കുട്ടികളും പഠിക്കുന്നു.

RAMSONS

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

* ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കും.

* ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.

* അതയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാ ബോധം ഒഴിവാക്കി 'ആക്ടീവ്' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.



Scanned with OKEN Scanner

# അക്കാദമികം

## നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന വിദഗ്ദ്ധ അധ്യാപക സമൂഹം
* ഓരോ കുട്ടിയും ഒന്നാമന് കുട്ടിയുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം.
* കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം
* പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്ന കുട്ടികൾക്ക് വ്യക്തിഗത സഹായം.
* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടത്തുന്നു.
* സർഗ്ഗാത്മക വേദികൾ പ്രോത്സാഹിപ്പിക്കുന്നു.

## പരിമിതികൾ

* മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
* മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടണം.

RAMSONS

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം.

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം.
* വിശ്വ വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ചെറിയ വാക്യങ്ങൾ സംസാരിക്കുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.
* ക്ലാസ് തല വായന, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.



Scanned with OKEN Scanner

## ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികളും ഉറപ്പാക്കുക.
* ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പ് വരുത്തുക

## പരിസര പഠനം.

* നിരീക്ഷണം, പരീക്ഷണം, താരതമ്യം എന്നീ പ്രക്രിയകളിലൂടെ ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക

## പ്രവൃത്തി പരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* ഇതര വിഷയങ്ങളുമായി /പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാ പരിശീലനം.

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
* കലാഭിരുചി വളർത്തുക.



Scanned with OKEN Scanner

# മലയാളം - പഠന പിന്നാക്കാവസ്ഥ

പ്രവർത്തനം 1. പുസ്തകം എന്റെ ചങ്ങാതി.

ഉപമേഖല : വായന

ലക്ഷ്യം : കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

പ്രവർത്തനങ്ങൾ : പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു.

കാലം : ആഴ്ചയിൽ ഒരു ദിവസം (2 പുസ്തകം)

ചുമതല : ക്ലാസ് ടീച്ചർ

പ്രവർത്തനം 2 : എന്റെ പിറന്നാൾ പുസ്തകം.

ലക്ഷ്യം : വിക്യ വായനാശീലം വളർത്തുക

പ്രവർത്തനങ്ങൾ : എല്ലാ ക്ലാസ്സിലും പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.

കാലം : ജൂൺ മുതൽ മാർച്ച് വരെ.

ചുമതല : ക്ലാസ്സ് അധ്യാപകർ.

RAMSONS

Scanned with OKEN Scanner

DATE PAGE 8

പ്രവർത്തനം 3 : ഉച്ചഭാഷിണി വായന
ലക്ഷ്യം : അർത്ഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു.
പ്രവർത്തനങ്ങൾ : ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന
കാലം : ജൂൺ മുതൽ മാർച്ച് വരെ

പ്രവർത്തനം 4 : അക്ഷരക്കൂടാരം (വായനാ കോർണർ)
ലക്ഷ്യം : വിശാല വായനാശീലം വളർത്തുക.
പ്രവർത്തനങ്ങൾ : ഒഴിവുസമയങ്ങളിൽ വായിക്കുവാൻ വായനാ കോർണർ ഒരുക്കുന്നു.
കാലം : ജൂൺ - മാർച്ച്
ചുമതല : ലൈബ്രേറിയൻ

പ്രവർത്തനം 6 ക്ലാസ് തല കയ്യെഴുത്ത് മാസിക
ഉപമേഖല : ലേഖനം
ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിലുള്ള ആവിഷ്കാരത്തിന് കഴിവ് നേടുക.
പ്രവർത്തനങ്ങൾ : പഠന പ്രവർത്തനത്തിലെ മികച്ചത് ചേർത്ത് കയ്യെഴുത്ത് മാസിക

പ്രവർത്തനം 7 : ക്ലാസ് തല പതിപ്പുകൾ

ഉപമേഖല : ലേഖനം

ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

പ്രവർത്തനങ്ങൾ: വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്തല പതിപ്പുകൾ തയ്യാറാക്കുന്നു.

കാലം : എല്ലാ മാസവും

പ്രവർത്തനം 8 രചനോത്സവം സർഗവേള

ഉപമേഖല: ലേഖനം , ~~ആശ~~ പ്രകടന വേദി

ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

കാലം : ജൂൺ മുതൽ മാർച്ച് വരെ.

Scanned with OKEN Scanner

# ഇംഗ്ലീഷ്

പ്രവർത്തനം 1 : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടന വേദികൾ

ലക്ഷ്യം : ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കൽ.

പ്രവർത്തനങ്ങൾ : ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.

കാലം : ആഴ്ചയിൽ ഒരു ദിവസം

ചുമതല : ഇംഗ്ലീഷ് അധ്യാപിക.

പ്രവർത്തനം 2 : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസ്സ്)

ഉപമേഖല : ലേഖനം

ലക്ഷ്യം : ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്.

പ്രവർത്തനങ്ങൾ : ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ലളിതമായ ഇംഗ്ലീഷിൽ എഴുതുന്നു

കാലം : ആഴ്ചയിൽ ഒരു ദിവസം

ചുമതല : ക്ലാസ് ടീച്ചർ.

Scanned with OKEN Scanner

പ്രവർത്തനം 3 ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സ്)

ഉപമേഖല : ലേഖനം.

ലക്ഷ്യം : ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

പ്രവർത്തനങ്ങൾ : ഓരോ മാസവും പ്രത്യേക വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.

ജൂൺ - പരിസ്ഥിതി
ജൂലൈ - ചന്ദ്രൻ
ആഗസ്റ്റ് - സ്വാതന്ത്ര്യദിനം.
സെപ്റ്റംബർ - ഓണം
ഒക്ടോബർ - ഗാന്ധിജയന്തി
നവംബർ - കേരളം
ഡിസംബർ - ക്രിസ്തുമസ്
ജനുവരി - ന്യൂ ഇയർ

പ്രവർത്തനം 4. Reading card workshop

ലക്ഷ്യം : ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ : ഭിന്നനിലവാരക്കാരായ കുട്ടികളെ കൂടി ഉൾപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കുന്നു.

Scanned with OKEN Scanner

# ഗണിതം

പ്രവർത്തനം 1. ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ.

ലക്ഷ്യം : പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക

പ്രവർത്തനങ്ങൾ : എല്ലാ ക്ലാസ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തിയുള്ള വർക്ക്ഷീറ്റ് പൂർത്തിയാക്കുന്നു.

കാലം : ഓരോ ടേമിന്റെയും തുടക്കത്തിൽ.

പ്രവർത്തനം 2. ഗണിത മധുരം
ഗണിത കേളികൾ

ഉപമേഖല : ഗണിത കേളികൾ

ലക്ഷ്യം : അടിസ്ഥാനാവശ്യങ്ങൾ (ഗണിതാശയ) മുഴുവൻ കുട്ടികളിലും എത്തിക്കുക.

പ്രവർത്തനങ്ങൾ : മഞ്ചാടി, കളിനോട്ട്, കാർഡുകൾ ഇവയുടെ സഹായത്തോടെ ഗണിതകേളികൾ ഒരുക്കുന്നു.

Scanned with OKEN Scanner

# പരിസരപഠനം

പേര് : ശാസ്ത്ര ശില്പശാല

ലക്ഷ്യം : ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക

പ്രവർത്തനങ്ങൾ : ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

കാലം : ഓരോ ടേമിലും.

പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിൻ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ (3,4 ക്ലാസ്സ്)

# വിവര സാങ്കേതിക വിദ്യ

ലക്ഷ്യം : കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാനുള്ള അവസരം.

പ്രവർത്തനങ്ങൾ : IT, ICT പരിശീലന പരിപാടികൾ.

കാലം - June - March.

Scanned with OKEN Scanner

# സർഗ്ഗവേദി

പേര് : സർഗ്ഗവേദി

ഉപമേഖല : പ്രകടനവേദികൾ

ലക്ഷ്യം : കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ)

പ്രവർത്തനങ്ങൾ : ആഴ്ച്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗവേദി നടത്തൽ.

നേതൃത്വം : വിദ്യാർത്ഥികൾ

കാലം : എല്ലാ ആഴ്ച്ചയിലും

ചുമതല : SRG